ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗവേഷണത്തിനും നവീകരണത്തിനുമുള്ള വിഭവങ്ങളുടെ വിനിയോഗം ശാസ്ത്രീയമായി നിരീക്ഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi wants to scientifically monitor the utilization of resources for research and innovation.**

2. സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് നാളെ ഗ്രേറ്റർ നോയിഡയിൽ പ്രധാനമന്ത്രി തുടക്കം കുറിക്കും.

   **Prime Minister to inaugurate Semicon India Expo Mart in Greater Noida tomorrow.**

3. സൈബർ കുറ്റകൃത്യങ്ങൾ തടയാൻ ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 5,000 സൈബർ കമാൻഡോകൾക്ക് പരിശീലനം നൽകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah says government plans to train five thousand cyber commandos in next five years to deal with cybercrime**

4. യു. എൻ. - ൽ കൂടുതൽ രാജ്യങ്ങൾക്ക് സ്ഥിരാംഗത്വം നൽകുന്ന കാര്യം പരിഗണിക്കണമെന്ന നിർദേശം മുന്നോട്ട് വെച്ച് ഇന്ത്യ.

India put forward the proposal to consider granting permanent membership to more countries in U. N..

5. രാജ്യത്തെ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപന 2030 ഓടെ പ്രതിവർഷം ഒരു കോടിയിലേത്തുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

Union Minister Nitin Gadkari says that the sale of electric vehicles in the country will reach one crore annually by 2030.

6. കേരളത്തിൽ 2000 ഓണസമൃദ്ധി കർഷക ചന്തകൾക്കും കുടുംബശ്രീ ഓണം വിപണന മേളകൾക്കും തുടക്കമായി.

2000 Onasamriddhi Farmer Markets and Kutumbashree Onam Marketing Fairs begin in Kerala.

&&&&&&&&&&&&&&&&&&

## PM-ANUSANDHAN

ഗവേഷണത്തിനും നവീകരണത്തിനുമുള്ള വിഭവങ്ങളുടെ വിനിയോഗം ശാസ്ത്രീയമായി നിരീക്ഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ ശുപാർശപ്രകാരം രൂപീകരിച്ച

അനുസന്ധാൻ ദേശീയ ഗവേഷക ഫൗണ്ടേഷൻറെ ആദ്യ ഭരണ സമിതി യോഗത്തിന് ന്യൂഡൽഹിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ഗവേഷണം പ്രോത്സാഹിപ്പിക്കും വിധം രാജ്യത്തെ ശാസ്ത്ര, സാങ്കേതിക മേഖലയെ, പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടന്നു. ഗവേഷണ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്ന ഡാഷ്ബോർഡ് സജ്ജീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ, ശാസ്ത്ര, ഗവേഷണ മേഖലയിലെ പ്രമുഖർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## SEMICON INDIA

സെമികോൺ ഇന്ത്യ എക്സ്പോ മാർട്ടിന് നാളെ ഗ്രേറ്റർ നോയിഡയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിക്കും. അർദ്ധചാലക രംഗത്തെ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്താൻ ലക്ഷ്യമിട്ടാണ് മൂന്ന് ദിവസത്തെ മേള സംഘടിപ്പിക്കുന്നത്. മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ പരിപാടിയിൽ പങ്കെടുക്കും. രാജ്യത്തിൻറെ അർദ്ധചാലക നയം ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്ന വേദികൂടിയായി സമ്മേളനം മാറും.

&&&&&&&&&&&&&&&&&&

## AMIT SHAH

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 5,000 സൈബർ കമാൻഡോകൾക്ക് പരിശീലനം നൽകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻ്ററിൻറെ സ്ഥാപക ദിനാഘോഷങ്ങളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ സുരക്ഷയിലെ പ്രധാനപ്പെട്ട ഘടകമാണ് സൈബർ സുരക്ഷ. സൈബർ സുരക്ഷയില്ലാതെ രാജ്യപുരോഗതി സാധ്യമല്ലെന്നും ശ്രീ അമിത് ഷാ വ്യക്തമാക്കി. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ സംരക്ഷണത്തിനുള്ള പ്രധാന സംരംഭങ്ങൾക്കും കേന്ദ്ര ആഭ്യന്തരമന്ത്രി ചടങ്ങിൽ തുടക്കം കുറിച്ചു. സൈബർ ഫ്രോഡ് മിറ്റിഗേഷൻ സെൻ്ററും അദ്ദേഹം രാജ്യത്തിന് സമർപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്ന പ്രവർത്തനങ്ങൾക്കായുള്ള പുരസ്കാരം ചടങ്ങിൽ കേരളത്തിനു വേണ്ടി സംസ്ഥാന പൊലീസ് മേധാവി ഏറ്റുവാങ്ങി.

&&&&&&&&&&&&&&&&&&

## UNSC INDIA

യു. എൻ. - ൽ കൂടുതൽ രാജ്യങ്ങൾക്ക് സ്ഥിരാംഗത്വം നൽകുന്ന കാര്യം പരിഗണിക്കണമെന്ന നിർദേശം മുന്നോട്ട് വെച്ച് ഇന്ത്യ. പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നാണ് ആവശ്യം. സുരക്ഷാ

കൗൺസിലിലെ ഭിന്നതകൾ, സമാധാനശ്രമങ്ങളെ ബാധിക്കുന്നതായും ഇന്ത്യ ചൂണ്ടിക്കാട്ടി. യു. എന്നിലെ ഇന്ത്യയുടെ സ്ഥിരാംഗമായി പുതിയതായി നിയമിതനായ പി.ഹാരിഷ് നടത്തിയ ആദ്യ പ്രസംഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## GADKARI-EV - INTRO

രാജ്യത്തെ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപന 2030 ഓടെ പ്രതിവർഷം ഒരു കോടിയിലേത്തുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇതിലൂടെ 5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നും ന്യൂഡൽഹിയിൽ Society of Indian Automobile Manufacturers ന്റെ 64-ാ മത് വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു. ഏകദേശം 30 ലക്ഷം ഇലക്ട്രിക് വാഹനങ്ങളാണ് രാജ്യത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2023-24 കാലയളവിൽ 400 സ്റ്റാർട്ടപ്പുകളാണ് ഈ മേഖലയിൽ പ്രവർത്തനം ആരംഭിച്ചത്. വാഹനം പൊളിക്കൽ നയത്തിനനുസരിച്ച് നൂതന ആശയങ്ങളുമായി മുന്നോട്ട് വരാൻ ശ്രീ നിതിൻ ഗഡ്കരി വാഹനനിർമാണ കമ്പനികളോട് ആഹ്വാനം ചെയ്തു.
(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## KUMARASWAMY - GREEN STEEL REPORT

ഭൂമിയുടെ ക്ഷേമത്തിന് അത്യാവശ്യമായ ഘടകമാണ് പാരിസ്ഥിതിക സുസ്ഥിരത എന്ന് കേന്ദ്രസഹമന്ത്രി എച്ച് ഡി കുമാരസ്വാമി. കേവലം പരിഗണനാ വിഷയം മാത്രമല്ല ഇതെന്ന് ന്യൂഡൽഹിയിൽ ഗ്രീൻ സ്റ്റീൽ റിപ്പോർട്ട് പ്രകാശനച്ചടങ്ങിനെ അഭിസംബോധന ചെയ്യവെ അദ്ദേഹം വ്യക്തമാക്കി . സ്റ്റീൽ മേഖലയ്ക്ക് പരിസ്ഥിതിയിൽ വൻ സ്വാധീനം ചെലുത്താനാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്റ്റീൽ മേഖലയെ കാർബൺ മുക്തമാക്കുന്ന വിഷയം ചർച്ച ചെയ്യുന്ന ' സ്റ്റീൽ മേഖലയുടെ ഹരിതവൽക്കരണം : സുസ്ഥിരതയിലേക്കുള്ള പാത ' എന്ന റിപ്പോർട്ട് ശ്രീ കുമാരസ്വാമി പ്രകാശനം ചെയ്തു .

&&&&&&&&&&&&&&&&&&

## PURI – UAE MINISTER

കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി, യു.എ.ഇ വ്യവസായ മന്ത്രി സുൽത്താൻ അഹമ്മദ് അൽ ജാബറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അനുദിനം വളരുന്ന ഇന്ത്യ-യുഎഇ ഊർജ്ജ പങ്കാളിത്തത്തെക്കുറിച്ച് ചർച്ച ചെയ്ത നേതാക്കൾ സുപ്രധാന കരാറുകളിൽ ഒപ്പുവെക്കുകയും ചെയ്തു. ഹൈഡ്രോകാർബൺ മൂല്യ ശൃംഖലയിലെ സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകളും കൂടിക്കാഴ്ചയിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&

## UAE-INDIA BUSINESS FORUM

¬യു എ ഇ യുമായുള്ള ബന്ധം രാജ്യത്തിന് അഭിമാനവും അയൽരാജ്യങ്ങളെ മോഹിപ്പിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ . മുംബൈയിൽ ഇന്നാരംഭിച്ച യു എ ഇ - ഇന്ത്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മൊഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാൻ ,യു എ ഇ യിലെ മറ്റു ക്യാബിനെറ്റ് മന്ത്രിമാർ എന്നിവർ ഫോറത്തിൽ സന്നിഹിതരായിരുന്നു .

&&&&&&&&&&&&&&&&&&

## CM-KERALA

കേരളത്തിൽ കൃഷി വകുപ്പിൻറെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യ മന്ത്രി പിണറായി വിജയൻ നാളെ സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവ്വഹിക്കും. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് ഓണത്തിനൊരുമുറം പച്ചക്കറി.

&&&&&&&&&&&&&&&&&&

## P PRASAD

കേരളത്തിൽ കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഓണസമൃദ്ധി കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം

തിരുവനന്തപുരത്ത് മന്ത്രി പി. പ്രസാദ് നിർവ്വഹിച്ചു. സംസ്ഥാനത്ത് 2000 കർഷക ചന്തകളാണ് നാളെ മുതൽ ഈ മാസം 14 വരെ പ്രവർത്തിക്കുക. കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കളിലേക്ക് കാർഷിക ഉത്പന്നങ്ങൾ എത്തിക്കുക എന്നുള്ളതാണ് കർഷക ചന്തകളിലൂടെ കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള സപ്ലൈകോ ഓണം ഫെയറുകളും സംസ്ഥാനത്ത് ഇന്ന് മുതൽ പ്രവർത്തനമാരംഭിച്ചു.

&&&&&&&&&&&&&&&&&&

## MANDAVIYA FELICITATES

പാരീസ് പാരാലിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് തിരികെ എത്തിയ ഇന്ത്യൻ സംഘത്തെ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ആദരിച്ചു. ന്യൂ ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ സ്വർണമെഡൽ ജേതാക്കൾക്ക് 75 ലക്ഷം രൂപ വീതവും വെള്ളി മെഡൽ ജേതാക്കൾക്ക് 50 ലക്ഷം രൂപ വീതവും വെങ്കല മെഡൽ ജേതാവിന് 30 ലക്ഷം രൂപ വീതവും പുരസ്കാരങ്ങൾ കൈമാറി.

&&&&&&&&&&&&&&&&&&

## WB GOVERNOR

ഭരണഘടനയുടെ അനുച്ഛേദം 167 (സി) ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും രാജ്ഭവനിൽ അറിയിക്കാൻ പശ്ചിമ ബംഗാൾ ഗവർണർ സി.വി. ആനന്ദ ബോസ് മുഖ്യമന്ത്രി മമത ബാനർജിക്കു നിർദ്ദേശം നൽകി. സംസ്ഥാന ഭരണവുമായി ബന്ധപ്പെട്ട മന്ത്രിതല സമിതികളുടെ തീരുമാനങ്ങളും ഗവർണർക്ക് നൽകണമെന്നും ഗവർണറുടെ ഓഫീസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## NAVY TEST CANCELLED

ഇന്നാരംഭിക്കാനിരുന്ന ഇന്ത്യൻ നേവി സിവിലിയൻ പ്രവേശന പരീക്ഷ ചില സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി . ഈ മാസം 14 വരെ നടക്കേണ്ടിയിരുന്ന വിവിധ ഗ്രൂപ്പുകളിലേക്കുള്ള ഓൺലൈൻ പരീക്ഷയാണ് റദ്ദാക്കിയത് . പരീക്ഷ പുനഃക്രമീകരിച്ച് മറ്റൊരു ദിവസം നടത്തുമെന്ന് ഇന്ത്യൻ നാവികസേനാ അധികൃതർ അറിയിച്ചു .

&&&&&&&&&&&&&&&&&&

## J K ELECTION SECURITY

അതിർത്തിപ്രദേശങ്ങളിൽ

നുഴഞ്ഞുകയറ്റപ്രശ്നങ്ങൾ നേരിടാൻ പ്രതിരോധ നടപടികൾ സ്വീകരിച്ചതായി ജമ്മു അതിർത്തി രക്ഷാസേനാ ഇൻസ്പെക്ടർ ജനറൽ ഡി കെ ബൂര അറിയിച്ചു. ജമ്മുകശ്മീരിലെ 24 നിയമസഭാ മണ്ഡലങ്ങളിൽ ഈ മാസം

18ന് നടക്കുന്ന ആദ്യഘട്ട വോട്ടെടുപ്പിൻറെ പശ്ചാത്തലത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&

## UTTARAKHAND LANDSLIDE

ഉത്തരാഖണ്ഡിൽ ശക്തമായ മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ 5 തീർത്ഥാടകർ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. രുദ്രപ്രയാഗ് ജില്ലയിൽ കേദാർനാഥ് ദേശീയ പാതയ്ക്ക് സമീപമാണ് അപകടമുണ്ടായത്. NDRF ഉം, SDRF ഉം പോലീസുമാണ് രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. മരിച്ചവർ മധ്യപ്രദേശ്, ഗുജറാത്ത്, നേപ്പാൾ സ്വദേശികളാണ്. അപകടത്തിൽ മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി ദുഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## VIETNAM YAGI

അതിതീവ്ര കൊടുങ്കാറ്റ് യാഗി ദുരന്തം വിതച്ച വിയറ്റ്നാമിൽ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും മരിച്ചവരുടെ എണ്ണം 65 ആയി . 39 പേരെ കാണാതായെന്നും രാജ്യത്തെ കാർഷിക ഗ്രാമവികസന മന്ത്രാലയം അറിയിച്ചു . വടക്കൻ വിയറ്റ്നാമിലെ ഫോങ് ചൗ പാലം തകർന്ന് നിരവധി പേർ അപകടത്തിൽപ്പെട്ടു . ഇവിടെ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൊടുങ്കാറ്റ് നാശംവിതച്ച

അഞ്ചു പ്രവിശ്യകൾക്ക് വിയറ്റ്നാം പ്രധാനമന്ത്രി നാലു ദശലക്ഷം ഡോളർ ധനസഹായം പ്രഖ്യാപിച്ചു .

&&&&&&&&&&&&&&&&&&

## RUSSIA-UKRAINIAN UAVs

മോസ്കോ ഉൾപ്പെടെ ഒൻപതു പ്രദേശങ്ങളിൽ യുക്രെയ്നിന്റെ 144 ഡ്രോണുകൾ തകർത്ത് റഷ്യൻ വ്യോമ പ്രതിരോധസേന. റഷ്യയെ ലക്ഷ്യമിട്ടുള്ള യുക്രൈൻ സൈനിക ആക്രമണത്തിന്റെ ഭാഗമാണ് ഡ്രോണുകളെന്നു റഷ്യൻ പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. ഡ്രോണുകൾ വെടിവച്ചുവീഴ്ത്തിയതിനെത്തുടർന്ന് മോസ്കോയിലെ ഒരു റിഫൈനറിയിലും പവർ പ്ലാന്റിലും തീപിടിത്തമുണ്ടായി . സമീപപ്രദേശത്ത് ഒരാൾ കൊല്ലപ്പെട്ടതായും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## DEFENCE-MANILA-

ഇന്ത്യ-ഫിലിപ്പീൻസ് സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ അഞ്ചാമത് യോഗം നാളെ ഫിലിപ്പീൻസിലെ മനിലയിൽ നടക്കും. കേന്ദ്ര പ്രതിരോധ സെക്രട്ടറി ഗിരിധർ അരമന യോഗത്തിൽ സഹ അധ്യക്ഷനാകും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&